197 (1801) ആലപ്പുഴ തുറമുഖത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തുറമുഖത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) തുറമുഖ പുനരുദ്ധാരണ പ്രവൃത്തികൾ വളരെ സാവധാനത്തിലാണ് നടത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടപ്പിലാക്കുന്നതിനും തുറമുഖം അടിയന്തിരമായി ഉപയോഗയോഗ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ തുറമുഖത്ത് കടൽപാലത്തിന്റെയും ഗോഡൗണുകൾ, മറ്റു അനുബന്ധ സൗകര്യങ്ങൾ എന്നിവയുടെയും റിപ്പയർ നടന്നുവരുന്നു.

(ബി)-(ഡി) തുറമുഖത്തിന്റെ റിപ്പയർ ജോലികൾ യഥാസമയം നടത്തുന്നുണ്ട്.

198 (1802) സുൽത്താൻബത്തേരി എംപ്ലോയ്മെന്റ് ഓഫീസിലെ പ്രവർത്തനം സംബന്ധിച്ച്

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻബത്തേരി എംപ്ലോയ്മെന്റ് ഓഫീസർക്കും ജീവനക്കാർക്കുമെതിരെ ഉള്ള അഴിമതി ആരോപണങ്ങളും പത്രവാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽ വാഗ്ദാനം നൽകി കൈക്കൂലി വാങ്ങിയ ബത്തേരി എംപ്ലോയ്മെന്റ് ഓഫീസർക്കെതിരെയുള്ള പരാതിയിന്മേൽ എന്ത് അയഞ്ഞ നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഒഴിവുള്ള തസ്തികകളിലേക്ക് നിയമിക്കുന്നതിനായി സുൽത്താൻബത്തേരി എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും ശുപാർശ ചെയ്യുന്നതിൽ സീനിയോറിറ്റി മറികടക്കുന്നു എന്ന പരാതിയെക്കുറിച്ച് അന്വേഷിക്കുമോ;

(ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഒഴിവുകളിലേക്ക് സുൽത്താൻബത്തേരി എംപ്ലോയ്മെന്റ് ഓഫീസിൽനിന്നും കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ നടത്തിയ നിയമ ശുപാർശകളെക്കുറിച്ച് വിശദമായ അന്വേഷണത്തിന് നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly